# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 27

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2018 ജൂണിൽ നടന്ന എം .എ. പൊളിറ്റിക്കൽ സയൻസ് രണ്ടാം സെമസ്റ്റർ റഗുലർ ഇംപ്രൂവ് മെന്റ്, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/764/2019)

2018 ഒക്ടോബറിൽ നടന്ന നാലാംവർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി റഗുലർ , സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മേയ് ഒമ്പതുവരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/765/2019)

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ എം.എസ് സി. മെഡിക്കൽ ബയോ കെമിസ്ട്രി (പുതിയ സ്കീം 2016 അഡ്മിഷൻ റഗുലർ), എം.എസ് സി . മെഡിക്കൽ ബയോകെ മിസ്ട്രി (പഴയ സ് കീം 2016 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മേയ് 15ന് ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/766/2019)

മൂന്നാം സെമസ്റ്റർ എം .എസ് സി . ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (പുതിയ സ് കീം 2017 അഡ്മിഷൻ റഗുലർ , 2016 അഡ്മിഷൻ സപ്ലിമെന്ററി ), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ(പഴയ സ്കീം 2014-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മേയ് 15ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/767/2019)

മൂന്നാം സെമസ്റ്റർ എം .എസ് സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ സപ്ലിമെന്ററി), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (പഴയ സ്കീം 2011-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മേയ് 15ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/768/2019)

അഫിലിയേറ്റഡ് കോളജുകളിലെ ആറാം സെമസ്റ്റർ ബി .എ. ക്രിമിനോളജി എൽ.എൽ.ബി.(ഓണേഴ്സ്-2011 അഡ്മിഷൻ സപ്ലിമെന്ററി ), ബി.എ. എൽ.എൽ.ബി. പഞ്ചവത്സരം ഇന്റഗ്രേറ്റഡ്(2012-2014 അഡ്മിഷൻ സപ്ലിമെന്ററി), ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ്(2015 അഡ്മിഷൻ റഗുലർ), ബി.ബി.എ. എൽ.എൽ.ബി. ( ഓണേഴ്സ്- 2013,2014 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ റഗുലർ), ബി.കോം. എൽ.എൽ.ബി. ( ഓണേഴ്സ് 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി, 2015

അഡ്മിഷൻ റഗുലർ ) പരീക്ഷകൾ മേയ് 15ന് ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/769/2019)

## മൂന്നാം സെമസ്റ്റർ എൽ.എൽ.ബി.; സൂക്ഷ്മപരിശോധനയ്ക്ക് എത്തണം

2018 മേയിൽ നടന്ന ഒന്നാംസെമസ്റ്റർ ത്രിവത്സര എൽ .എൽ.ബി. പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവരിൽ പരിശോധനയ്ക്ക് ഹാജരാ കാത്തവർ ഏപ്രിൽ 30ന് വൈകിട്ട് നാലിനകം തിരിച്ചറിയൽ രേഖകളുമായി സർവകലാശാലയിലെ ഇ.ജെ. 3 സെക്ഷനിൽ എത്തണം.

(പി.ആർ.ഒ./39/770/2019)

## എം.ജി.യിൽ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. പ്രവേശനം: അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയുടെ സ് കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. ( ഓണേഴ്സ്) പ്രോഗ്രാം പ്രവേശനത്തിന് അപേക്ഷിക്കാം . യോഗ്യത: 50 ശതമാനം മാർക്കോടെ അംഗീകൃത ഹയർസെക്കൻഡറി /പ്ലസ് ടു പരീക്ഷ ജയം (എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 45 ശതമാനം മാർക്ക് ). ജൂലൈ ഒന്നിന് 20 വയസ് കവിയരുത് (എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് 21 വയസ്). പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം.

അപേക്ഷ www.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം . അവസാനവർഷ പരീക്ഷ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം . പ്രവേശനസമയത്ത് മാർക്ക് ലിസ്റ്റ് നൽകണം . 660 രൂപയാണ് രജിസ് ട്രേഷൻ ഫീസ് . ഓൺലൈനായാണ് ഫീസ് അടയ്ക്കേണ്ടത്. എസ്.സി./എസ്.ടി. വിഭാഗക്കാർ രജിസ്ട്രേഷൻ ഫീസിന്റെ 50 ശതമാനം അടച്ചാൽ മതി.

രജിസ്ട്രേഷൻ ഫീസിന്റെ ഇ -പേയ്മെന്റ് രസീതും സ്വന്തംമേൽവിലാസമെഴുതി അഞ്ചുരൂപയുടെ സ്റ്റാമ്പൊട്ടിച്ച കവറും സഹിതം പൂരിപ്പിച്ച അപേക്ഷ മേയ് 17നകം വകുപ്പ് മേധാവി , സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, മഹാത്മാഗാന്ധി സർവകലാശാല , സൂര്യകാലടി ഹിൽസ്, നട്ടാശേരി, എസ്.എച്ച്. മൗണ്ട് പി.ഒ. കോട്ടയം -686006 എന്ന വിലാസത്തിൽ നൽകണം . വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481 2310165.

(പി.ആർ.ഒ./39/771/2019)

## രാജ്യത്തെ നാനോടെക്നോളജി ഗവേഷണ നേട്ടങ്ങൾ വിലയിരുത്തി 'നാനോ ഇന്ത്യ' കോൺഫറൻസിനു സമാപനം

ഊർജ്ജം, ആരോഗ്യപരിചരണം, കൃഷി തുടങ്ങി വിവിധ മേഖലകളിൽ രാജ്യത്ത് നടക്കുന്ന നാനോടെക്നോളജി ഗവേഷണ ഫലങ്ങൾ ചർച്ച ചെയ്ത 'നാനോ ഇന്ത്യ 2019' ദേശീയ കോൺഫറൻസ് സമാപിച്ചു. മഹാത്മാഗാന്ധി സർവകലാശാലയും കേന്ദ്ര ശാസ്ത്ര -സാങ്കേതിക വകുപ്പും സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന കോൺഫറൻസിൽ രാജ്യത്തെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽനിന്നുള്ള പ്രശസ്തരായ ശാസ്ത്രജ്ഞർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

260 ഗവേഷകർ പങ്കെടുത്തു. വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ്, പ്രൊഫ. കെ. ജോർജ് ജോസഫ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി . ഡോ. സുബി ജോർജ്, ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. ദീപാങ്കർ ബന്ദോപാധ്യായ, പ്രൊഫ. അരുദ്ധം ചൗധരി, പ്രൊഫ. സമിത് കെ. റേ, പ്രൊഫ. മനീഷ് ജെയിൻ, പ്രൊഫ. രൂപ മുഖോപാധ്യായ , ഡോ. അവിനാശ് പരാശർ , പ്രൊഫ. നാരായൺ പ്രധാൻ , പ്രൊഫ. ചന്ദ്രമൗലി സുബ്രഹ്മണ്യം , ഡോ. വിവേക് പോൾഷെട്ടിവർ , ഡോ. യോഗേഷ് സിങ് ചൗഹാൻ , പ്രൊഫ. സുബോധ് കുമാർ ദേ , പ്രൊഫ. പ്രജിത് സെൻ, പ്രൊഫ. അനിന്ദ ഭട്ടാചാര്യ, ഡോ. മഹേഷ് കുമാർ, പ്രൊഫ. പ്രിയ മഹാദേവൻ , ഡോ. പ്രവീൺകുമാർ, ഡോ. നീരജ് ഖരെ , പ്രൊഫ. വസ്കി കെ . കൊമരാള എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവ തരിപ്പിച്ചു. പോസ്റ്റർ പ്രദർശനത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

## ചിത്രം കാപ്ഷൻ

മഹാത്മാഗാന്ധി സർവകലാശാലയും കേന്ദ്ര ശാസ്ത്ര -സാങ്കേതിക വകുപ്പും സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന 'നാനോ ഇന്ത്യ 2019' ദേശീയ കോൺഫറൻ സിൽ പങ്കെടുക്കാനെത്തിയ പ്രശസ്ത ശാസ്ത്രജ്ഞനും ഭാരതരത് ന പുരസ് കാര ജേതാവുമായ പ്രൊഫ . സി.എൻ.ആർ. റാവു ഉപഹാരമായി സമ്മാനിച്ച വിളക്ക് ഉയർത്താൻ ശ്രമിക്കുന്നു. എം.ജി. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഐ.ഐ.യു.സി.എൻ.എൻ. ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ സമീപം.

(പി.ആർ.ഒ./39/772/2019)

## വികസനം, വിനാശം- ഗാന്ധിയൻ സമീപനം;

## ഏകദിന ശിൽപശാലയും സർട്ടിഫിക്കറ്റ് വിതരണവും ഇന്ന് (ഏപ്രിൽ 28)

### ഡോ. കെ. ജയകുമാർ മുഖ്യപ്രഭാഷണം നടത്തും

മഹാത്മാഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷൻ വകുപ്പും കമലദളം സാഹിത്യ അക്കാദമിയും സംയുക്തമായി 'വികസനം, വിനാശം; ഗാന്ധിയൻ സമീ പനം' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഏകദിന ശിൽപശാലയും സർവകലാശാല നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസലിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലേണിംഗ് ഡിസെബിലിറ്റി മാനേജ്മെന്റ് കോഴ് സ് വിജയികളുടെ സർട്ടിഫിക്കറ്റ് വിതരണവും ഇന്ന് (ഏപ്രിൽ 28) നടക്കും.

രാവിലെ 9.30ന് സർവകലാശാലയിലെ സ് കൂൾ ഓഫ് കെമിക്കൽ സയൻസസിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും . 'വികസനം, വിനാശം; ഗാന്ധിയൻ സമീപനം' എന്ന വിഷയത്തിൽ മലയാളം സർവകലാശാല മുൻ വൈസ് ചാൻസലറും മുൻ ചീഫ്സെക്രട്ടറിയുമായ ഡോ . കെ. ജയകുമാർ മുഖ്യ പ്രഭാഷണം നടത്തും . മാത്യു കണമല , രജിസ്ട്രാർ ഡോ . കെ. സാബുക്കുട്ടൻ, എൻ.എൻ. ലാലു, മുൻ പി.ആർ.ഒ. ജി. ശ്രീകുമാർ എന്നിവർ പങ്കെടുക്കും.

(പി.ആർ.ഒ./39/773/2019)

## എൻ.എസ്.എസ്. അവാർഡ്:

## എൻട്രികൾ മേയ് എട്ടുവരെ നൽകാം

മഹാത്മാഗാന്ധി സർവകലാശാല 2018-19 വർഷത്തെ മികച്ച എൻ.എസ്.എസ്. യൂണിറ്റ്, പ്രോഗ്രാം ഓഫീസർ, വോളണ്ടിയർ എന്നിവർക്ക് നൽകുന്ന അവാർഡിന്റെ നോമിനേഷൻ മേയ് എട്ടിന് വൈകിട്ട് നാലുവരെ സമർപ്പിക്കാം . അപേക്ഷകർ എൻട്രിയുടെ രണ്ടു പകർപ്പുകൾ സഹിതം സർവകലാശാല എൻ.എസ്.എസ്. ഓഫീസിൽ നൽകണമെന്ന് പ്രോഗ്രാം കോ -ഓർഡിനേറ്റർ പ്രൊഫ . എം.ജെ. മാത്യു അറിയിച്ചു.

(പി.ആർ.ഒ./39/774/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ